**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** — **02-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടന്നുവരുന്ന റീസർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതുവരെ എത്ര ശതമാനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറായിട്ടുണ്ട്. സംസ്ഥാനത്ത് 1966 ൽ റീസർവ്വെ ആരംഭിച്ചിട്ടുള്ളതും നാളിതുവരെ 55% ജോലി പൂർത്തീയാക്കി യിട്ടുള്ളതുമാണ്. |
| (ബി) | ആധുനിക സൗകര്യങ്ങളോടു കൂടിയ റീസർവ്വേ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; | (ബി) | ആധുനിക സർവ്വെ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ് വർക്ക് സ്ഥാപിച്ചതിനു ശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരെ കൂടി റീസർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കോവിഡും പ്രകൃതി ദുരന്തങ്ങളും സർവ്വേ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (സി) | എല്ലാ മേഖലകളെയും പോലെ സർവ്വെ പ്രവർത്തനങ്ങളെയും കോവിഡും പ്രകൃതി ദുരന്തങ്ങളും ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (ഡി) | റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ആധുനിക സർവ്വെ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്താൽ സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ് വർക്ക് സ്ഥാപിച്ചതിനു ശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരെ കൂടി റീസർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത സംവിധാനം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റീസർവ്വെ നടപടികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ